# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ. ഡോ.എ.കൗശിഗൻ ഐ.എ.എസ്.)

എൽ.ആർ.എൻ1/1002/2019 തീയതി 04-01-2020

വിഷയം  റവന്യൂ വകുപ്പ്-ഹയർ സർവ്വെ പരിശീലനം-തിരുവനന്തപുരം/കണ്ണൂർ കേന്ദ്രങ്ങൾ- ചില ജീവനക്കാരെ പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കി നടപടിക്രമം പുനഃക്രമീകരിച്ചുത്തരവാകുന്നു.

സൂചന
1) ഈ കാര്യാലയത്തിലെ 23/12/2019,31/12/2019 എന്നീ തീയതികളിലെ എൽ. ആർ.(എൻ.1) 1002/2019 നമ്പർ നടപടിക്രമം
2) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04/01/2020-ലെ എസ്.7-ഇ168200/2019 നമ്പർ കത്ത്
3) പത്തനംതിട്ട ജില്ലാ കളക്ടറുടെ 03-01-2020-ലെ കത്ത്
4) വയനാട് ജില്ലാ കളക്ടറുടെ 03-01-2020-ലെ ഡിസിഡബ്ല്യൂവൈഡി/2603/2019-എ-8 നമ്പർ കത്ത്
5) കണ്ണൂർ ജില്ലാ കളക്ടറുടെ 04-01-2020-ലെ ഡിസികെഎൻആർ/10/2019-എ-1 നമ്പർ കത്ത്

സൂചന (1) പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രകാരം തിരുവനന്തപുരം/ കണ്ണൂർ കേന്ദ്രങ്ങളിൽ വച്ച് 01-01-2020 മുതൽ 29-02-2020 വരെ നടക്കുന്ന ഹയർ സർവ്വെ പരിശീലനത്തിനായി ജീവനക്കാരെ നിയോഗിച്ചും ഒഴിവാക്കിയും ഉത്തരവായിരുന്നു.

സൂചന (2) പ്രകാരം തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ ക്രമ നമ്പർ (2) ആയി നിയോഗിച്ച ശ്രീ.രാഗേഷ്കുമാർ ബി., ഹെഡ് ക്ലർക്ക്, ഔദ്യോഗികപരമായ കാരണങ്ങളാൽ പരിശീലനത്തിൽ നിന്നും താത്കാലികമായി ഒഴിവാക്കണമെന്ന് ഓഫീസ് മേലധികാരി മുഖാന്തിരം അഭ്യർത്ഥിച്ച വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൂചന (4),(5) പ്രകാരം യഥാക്രമം കണ്ണൂർ ഹയർ സർവ്വെ പരിശീലന കേന്ദ്രത്തിൽ നിയോഗിച്ചിരുന്ന ശ്രീ.കെ.എസ്.സാലു, റവന്യൂ ഇൻസ്പെക്ടർ, ശ്രീ.രാഘവൻ കെ.കെ., ഹെഡ് മിനിസ്റ്റീരിയൽ ഓഫീസർ, എന്നിവർ പരിശീലനം സ്വമേധയാ പരിത്യജിച്ചിട്ടുള്ളതായിയും അറിയിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ ഒഴിവുകൾ വന്നാൽ പത്തനംതിട്ട ജില്ലയിലെ ശ്രീ.സജി.കെ.ഫിലിപ്പ്, വില്ലേജ് ഓഫീസർ , എന്നവരെ പരിഗണിക്കുന്നതിനും അപേക്ഷിച്ചിട്ടുണ്ട്.

മേൽ കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ശ്രീ.രാഗേഷ്കുമാർ ബി., ഹെഡ് ക്ലർക്ക്, വയനാട് ജില്ലയിലെ ശ്രീ.കെ.എസ്.സാലു, റവന്യൂ ഇൻസ്പെക്ടർ, കണ്ണൂർ ജില്ലയിലെ ശ്രീ.രാഘവൻ കെ.കെ., ഹെഡ് മിനിസ്റ്റീരിയൽ ഓഫീസർ, എന്നിവരെ 01-01-2020 മുതൽ 29-02-2020 വരെയുള്ള

ഹയർ സർവ്വെ പരിശീലനത്തിൽ നിന്നും ഒഴിവാക്കിയും പകരം പത്തനംതിട്ട ജില്ലയിലെ വില്ലേജ് ഓഫീസർ ശ്രീ.സജി.കെ.ഫിലിപ്പ്, PEN-134242, എന്നവരെ തിരുവനന്തപുരം കേന്ദ്രത്തിൽ ഒഴിവുള്ള സീറ്റിലേക്ക് ഉൾപ്പെടുത്തിയും നടപടിക്രമം പരിഷ്കരിച്ചു ത്തരവാകുന്നു.

പരിശീലനം റിലിങ്ക്വിഷ് ചെയ്ത/ഒഴിവാക്കപ്പെട്ട ജീവനക്കാർക്ക് പകരം നിയോഗിച്ച ഉദ്യോഗസ്ഥർ 06-01-2019 ന് രാവിലെ 10- മണിയ്ക്ക് സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം /റീ സർവ്വെ ഓഫീസ്, കണ്ണൂർ , മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ഉദ്യോഗസ്ഥൻ ഇതിനു മുമ്പ് ഹയർ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരവും പരിശീലനം സ്വമേധയ പരിത്യജിച്ച വിവരവും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ജോയിന്റ് കമ്മീഷണർ

കക്ഷികൾക്ക് (ജില്ലാ കളക്ടർ മുഖാന്തിരം)
പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം.
3. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
4. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ,റീ സർവ്വെ ഓഫീസ്, കണ്ണൂർ.
5. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
6. ഐ.ടി. ടസൽ/കരുതൽ ഫയൽ.

അംഗീകാരത്തോടെ

സൂപ്രണ്ട്